(ബി) ഉണ്ടെങ്കിൽ ഈ പരാതി നൽകിയത് ആര് എന്നും പരാതി ലഭിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പരാതി നൽകിയിരിക്കുന്നത് ശ്രീ. കെ. റ്റി. ജോസഫ് എന്ന വ്യക്തിയാണ്. പരാതി ലഭിച്ചത് 8-2-2005-നാണ്. ഒരു അഞ്ചംഗ ഗുണ നിലവാര പരിശോധക സമിതിയോട് പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മഞ്ചേരി പി. സി. സി. സൊസൈറ്റി

39 [3383] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പി. സി. സി. സൊസൈറ്റി കൂടുതൽ വില നൽകി അരി വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അമിതമായി വാങ്ങിയ വില തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) എന്നത്തേക്ക് തിരിച്ച് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി ആന്റ് ഇ) അടിയന്തിരനടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly